ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി: സർ, ഇത് ഗവൺമെന്റിന്റെ സ്മൃതിപഥത്തിൽ വരികയാണെങ്കിൽ പരിയാരം മെഡിക്കൽ കോളേജിനെ ഒന്നു പരിഗണിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, പരിയാരം മെഡിക്കൽ കോളേജ് ഇത്തരത്തിൽ ഒരു യൂണിവേഴ്സിറ്റിയാകാൻ സാദ്ധ്യതയും സൗകര്യവുമുള്ള സ്ഥലമാണ്, സ്വാഭാവികമായി മെഡിക്കൽ കോളേജിന്റെ സാഹചര്യമുണ്ടെങ്കിലും മറ്റ് മെഡിക്കൽ കോളേജുകളിൽ നിന്ന് വ്യത്യസ്തമായി ഇവിടെ ഒരു ഭരണ സംവിധാനവുമുണ്ട്. അതൊക്കെവച്ച് ഇന്ന് ചില മെഡിക്കൽ കോളേജുകളൊക്കെ ഡീംഡ് യൂണിവേഴ്സിറ്റികളായി മാറുകയാണ്. ആ ഡീംഡ് യൂണിവേഴ്സിറ്റിയായി മാറുന്നത് കുട്ടികളുടെ പ്രവേശനം തുടങ്ങിയ കാര്യങ്ങളിലുള്ള ചില നടപടിക്രമങ്ങളുടെ ഭാഗമായിട്ടാണ്. തീർച്ചയായും ഒരു യൂണിവേഴ്സിറ്റി ഉണ്ടാക്കുന്നു എങ്കിൽ പരിയാരത്തേയും അക്കൂട്ടത്തിൽ പരിശോധിക്കാൻ ഇടയായേക്കാം.

ശ്രീ. ടി.എം. ജേക്കബ്: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് സ്പെഷ്യൽ ഓഫീസറെ നിയമിച്ചത്. ആ സ്പെഷ്യൽ ഓഫീസറോട് ഏതെല്ലാം കാര്യങ്ങളെ സംബന്ധിച്ചാണ് പരിശോധിക്കാൻ പറഞ്ഞത്, ഏത് കാര്യങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കാനാണ് ഈ ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നത്?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ടു സമർപ്പിക്കണമെന്നേ ആ ഉത്തരവിൽ പറഞ്ഞിട്ടുള്ളൂ. ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി ഉണ്ടാക്കുന്നതിനെ സംബന്ധിച്ചിടത്തോളം മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണം. അവർ കാര്യമായി മുന്നോട്ട് പോകാത്തതുകൊണ്ട് മറ്റു കാര്യങ്ങൾ അതിൽ കാണുന്നില്ല. ഇതു മാത്രമേ പറഞ്ഞിട്ടുള്ളൂ.

മി. സ്പീക്കർ: ചോദ്യം നമ്പർ 493.

മലയോര വികസന അതോറിറ്റിയുടെ രൂപീകരണം

5 (*493) ശ്രീ. മാമ്മൻ മത്തായി:

ശ്രീ. കെ.എം. മാണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മലയോര വികസന അതോറിറ്റി രൂപീകരണം സംബന്ധിച്ച് വിദഗ്ദ്ധ സമിതി പഠനം നടത്തിയിരുന്നോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് നടപടി ആരംഭിക്കുകയുണ്ടായോ;

(സി) മലയോര വികസന അതോറിറ്റിയുടെ രൂപീകരണത്തെപ്പറ്റി ഈ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) മലയോരങ്ങളുടെ സമഗ്ര വികസനം സാദ്ധ്യമാക്കാൻ കഴിയുമായിരുന്ന പ്രസ്തുത അതോറിറ്റി രൂപീകരണം ഉപേക്ഷിക്കാനിടയായതിന്റെ സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കാമോ;

(ഇ) കേന്ദ്ര സർക്കാരിന്റെ മലയോര വികസന പദ്ധതികളും ഗ്രാമീണ സ്കീമുകളും ഫലപ്രദമായി മലയോരങ്ങളിൽ ഉപയുക്തമാക്കുന്നതിന് സഹായകമാകുന്ന 'മലയോര അതോറിറ്റി' രൂപവൽക്കരിക്കുന്നതിന് സർക്കാർ സന്നദ്ധമാവുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ) നടത്തിയിരുന്നു.

(ബി) മലയോര വികസന അതോറിറ്റി രൂപീകരിക്കുന്നതിന് 1995 നവംബർ മാസത്തിൽ അന്നത്തെ മന്ത്രിസഭ തീരുമാനിക്കുകയും ഇത് സംബന്ധിച്ച് പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ അന്നത്തെ റവന്യൂ വകുപ്പു കമ്മീഷണർ ആന്റ് സെക്രട്ടറി ശ്രീ. എം.എസ്. ജോസഫിനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തു. അദ്ദേഹം 1996 സെപ്റ്റംബറിൽ റിപ്പോർട്ട് സമർപ്പിച്ചു.

(സി) ഉണ്ട്. അതോറിറ്റി രൂപീകരണം സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളും നിർദ്ദേശങ്ങളും അവ സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡിന്റെ അഭിപ്രായവും സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

(ഡി) & (ഇ) ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി അധികാര വികേന്ദ്രീകരണവും വികസന പദ്ധതി ആസൂത്രണ നിർവഹണവും ഫലപ്രദമായി നടപ്പാക്കിവരുന്ന ഒരു സംസ്ഥാനമെന്നതിനാൽ ഇവിടെ മലയോര വികസനത്തിനായി ഒരു പ്രത്യേക അതോറിറ്റി രൂപീകരിച്ചാൽ അത് വിപരീത ഫലം ചെയ്യുകയേയുള്ളൂ. തന്നെയുമല്ല അത് ഭാരിച്ച ഭരണച്ചെലവ് ഉണ്ടാക്കുകയും ചെയ്യും. നിലവിലുള്ള ത്രിതല പഞ്ചായത്തു സംവിധാനത്തിൽ അതാതു പ്രദേശങ്ങളുടെ വികസനം പഞ്ചായത്തു തലത്തിൽ സമഗ്രമായി ചർച്ച ചെയ്തു നടപ്പാക്കിവരുന്ന ഈ സാഹചര്യത്തിൽ മലയോര പ്രദേശങ്ങളെ വേർതിരിച്ച് വികസന പ്രക്രിയ തുടങ്ങിയാൽ ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതികളുടെ മേൽ മറ്റൊരു പദ്ധതിയെന്ന നിലയിൽ അതൊരു ആവർത്തനമായിരിക്കും. അതിനാൽ പ്രസ്തുത അതോറിറ്റി രൂപീകരണം ഉപേക്ഷിക്കുകയായിരുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഇപ്രകാരം ഒരു അതോറിറ്റിക്ക് യാതൊരു പ്രസക്തിയുമില്ല.

ശ്രീ. കെ.എം. മാണി: സർ, നമ്മുടെ സംസ്ഥാനത്തിന്റെ മുന്നിൽ ഒരു ഭാഗം മലയോരങ്ങളാണ്, ആ മലയോരങ്ങളുടെ സമഗ്രമായ വികാസം ഒരേകീകൃത പദ്ധതിയുടെ കീഴിൽ കൊണ്ടുവരേണ്ടതാണ്. അതിനുപകരം പഞ്ചായത്തുകൾക്ക് ഓരോന്നിനും ഓരോ പ്രദേശത്തെ വിട്ടുകൊടുക്കാതെ വാസ്തവത്തിൽ മലയോരങ്ങളുടെ സമഗ്ര വികസനം കൈവരുത്തണമെങ്കിലും അതോറിറ്റി സെപ്പറേറ്റായി ഉണ്ടാക്കണം. 1996-ൽ റിപ്പോർട്ട് കിട്ടിയിട്ട് ഇതുവരെ അങ്ങനെ ഒരു മലയോര അതോറിറ്റി രൂപീകരിക്കാത്തത് എന്ത് കാരണത്താലാണ്, എത്രയുംവേഗം രൂപീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ: സർ, അതിന്റെ മറുപടിയാണ് പറഞ്ഞത്. ഒരു കമ്മിഷനെ നിയമിച്ചിരുന്നു. ആ കമ്മിഷന്റെ റിപ്പോർട്ട് വന്നു. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് 9-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി അധികാര വികേന്ദ്രീകരണവും വികസന പദ്ധതി ആസൂത്രണ നിർവഹണവും ഫലപ്രദമായി നടപ്പാക്കിവരുന്നതിനാൽ ഇപ്പോൾ ഇതിന്റെ ആവശ്യമില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly